# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 663

11.12.2012-- ൽ
മറുപടിക്ക്.

## 'എമർജിംഗ് കേരള' സമയബന്ധിത പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ .റ്റി. യു. കുരുവിള | ശ്രീ . പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ))എമർജിംഗ് കേരളയിൽ സമർപ്പിക്കപ്പെട്ട നല്ല പദ്ധതികൾ താമസം കൂടാതെ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;<br><br>(ബി)സംസ്ഥാനത്തിന്റെ വ്യാവസായിക മുന്നേറ്റത്തിന് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്ന ഇത്തരം പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) 'എമർജിംഗ് കേരള'യിലൂടെ കേരളത്തിൽ നിക്ഷേപത്തിനു താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് വിവിധ മേഖലകളിലായി നിക്ഷേപകരും കമ്പനികളും സമർപ്പിച്ച പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ പരിഗണനയിലാണ്. കേരളത്തിന്റെ സാഹചര്യത്തിനു അനുയോജ്യമായവയ്ക്ക് മാത്രം സർക്കാർ അനുമതി നൽകുന്നതാണ്.<br><br>എമർജിംഗ് കേരളയുടെ തുടർനടപടികൾ കൈക്കൊള്ളുന്നതിലേക്കായി മുഖ്യമന്ത്രി ചെയർമാനായി, ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും പ്രഗൽഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ട ഒരു ഇൻവെസ്റ്റ്മെന്റ് പ്രോമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാകുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുകയുമാണ് ഈ കൗൺസിലിന്റെ ഉദ്ദേശ്യങ്ങൾ. |

ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനർ ആയും കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. 'എമർജിംഗ് കേരള'യിലൂടെ വരുന്ന ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുകയാണ് ഈ ബോർഡിന്റെ ചുമതല.

സെക്ഷൻ ഓഫീസർ